പതിമൂന്നാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2014-2016)

## പതിനേഴാമത് റിപ്പോർട്ട്

[സംസ്ഥാനത്തെ ജയിലുകളുടെ പ്രവർത്തനം സംബന്ധിച്ച പഠനം]

(2014 ഡിസംബർ 18-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2014-2016)

## പതിനേഴാമത് റിപ്പോർട്ട്

[സംസ്ഥാനത്തെ ജയിലുകളുടെ പ്രവർത്തനം സംബന്ധിച്ച പഠനം]

34/2015.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി (2014-2016)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വി. ഡി. സതീശൻ

<u>അംഗങ്ങൾ</u> :

ശ്രീ. എം. എ. ബേബി

ശ്രീ. എ. കെ. ബാലൻ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

ശ്രീ. ഇ. പി. ജയരാജൻ

ശ്രീ. സി. മോയിൻകുട്ടി

ശ്രീ. കെ. മുരളീധരൻ

ശ്രീ. കെ. രാജു

ശ്രീ. എ. കെ. ശശീന്ദ്രൻ

ശ്രീ. സി. എഫ്. തോമസ്

ശ്രീ. എം. ഉമ്മർ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി കെ. രാധാമണി, ജോയിന്റ് സെക്രട്ടറി

ശ്രീ. പി. പി. ഷാനവാസ് , ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. ശാന്തകുമാർ, അണ്ടർ സെക്രട്ടറി.

# മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ നിയോഗാനുസരണം പതിനേഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2014 ഡിസംബർ മാസം 10-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. ഡി. സതീശൻ,
*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2014 ഡിസംബർ 18.

# സംസ്ഥാനത്തെ ജയിലുകളുടെ പ്രവർത്തനം സംബന്ധിച്ച പഠനം

## റിപ്പോർട്ട്

**ആമുഖം**

മഹത്തായ ഒരു ഭരണഘടനയുള്ള രാഷ്ട്രമാണ് ഭാരതം. ഓരോ വ്യക്തിക്കും മനുഷ്യജീവി എന്ന നിലയിൽ ചില അവകാശങ്ങൾക്ക് അർഹതയുണ്ടെന്നതാണ് നമ്മുടെ ഭരണഘടനയുടെ അടിസ്ഥാനതത്വം. ഭരണഘടനയനുസരിച്ച് വ്യക്തികൾക്ക് ഉറപ്പ നൽകപ്പെട്ടിരിക്കുന്ന മൗലിക സ്വാതന്ത്ര്യങ്ങൾ കേവല സ്വഭാവമുള്ളതല്ലെന്നും വ്യക്തികളുടെ അവകാശങ്ങൾ അവ എത്രതന്നെ മൗലികമായാലും രാഷ്ട്രത്തിന്റെ പൊതുരക്ഷയ്ക്കും ജനങ്ങളുടെ പൊതുക്ഷേമത്തിനും മീതെയല്ലെന്നുമുള്ളതാണ് വസ്തുത. സ്വന്തം അവകാശങ്ങൾക്കെന്നപോലെ മറ്റുള്ളവരുടെ അവകാശങ്ങളും സംരക്ഷിക്കപ്പെട്ടാൽ മാത്രമേ രാജ്യത്തിന് പുരോഗതിയുള്ളൂ. മറ്റുള്ളവരുടെ അവകാശങ്ങൾ ധ്വംസിക്കുന്നവരെ കുറ്റവാളികളായി സമൂഹം കണക്കാക്കുന്നു. ഒരു മനുഷ്യനും കുറ്റവാളിയായി ജനിക്കുന്നില്ല. ജീവിത സാഹചര്യങ്ങളും മറ്റു പല ഘടകങ്ങളും ചേർന്നാണ് ഒരാളെ കുറ്റവാളിയാക്കുന്നത്. ബോധപൂർവ്വമോ മനഃപൂർവ്വമല്ലാതെയോ ചെയ്യപ്പെടുന്ന തെറ്റുകൾ അയാളുടെ പിൽക്കാല ജീവിതത്തെ എപ്പോഴും ബാധിക്കുന്നവയായിരിക്കും. ഒരു നിരപരാധിപോലും ശിക്ഷിക്കപ്പെടരുത് എന്ന ആശയത്തിന്റെ അടിസ്ഥാനത്തിലുള്ള പരിരക്ഷ എല്ലാവർക്കും ലഭിക്കേണ്ടതാണ്.

നീതിന്യായ പരിപാലനം ഗവൺമെന്റിന്റെ പ്രധാന കർത്തവ്യമാണ്. കുറ്റം ചെയ്യുന്ന ഒരാൾക്ക് സ്വേച്ഛാപരമായും കടുത്ത രീതിയിലും നൽകപ്പെടുന്ന ശിക്ഷക്കെതിരെ ഭരണഘടനയുടെ 20-ാം വകുപ്പ് സംരക്ഷണം നൽകുന്നു. ഒരാൾ കുറ്റം ചെയ്തുവെന്ന് ആരോപിക്കപ്പെടുമ്പോൾ പ്രാബല്യത്തിലുള്ള നിയമം ലംഘിച്ചിട്ടുണ്ടെങ്കിൽ മാത്രമേ അയാളെ ശിക്ഷിക്കാവൂ. നിലവിലുള്ള നിയമമനുസരിച്ച് എന്തു ശിക്ഷ നല്കാമോ അതിൽ കൂടുതലായ ഒരു ശിക്ഷയ്ക്കും ആരെയും വിധേയരാക്കുകയോ ഒരു പ്രാവശ്യത്തിലധികം ശിക്ഷിക്കുകയോ ചെയ്യാൻ പാടില്ല. നിയമോചിതമായ പ്രക്രിയയിലൂടെയല്ലാതെ ആരുടേയും ജീവനും സ്വാതന്ത്ര്യവും അപഹരിക്കാൻ പാടില്ലാത്തതാണ്.

സംസ്ഥാനത്തെ ജയിലുകളുടെ പ്രവർത്തനം, സ്റ്റാഫ് പാറ്റേൺ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച പഠനം നടത്തുന്നതിനും ആവശ്യമായ മനുഷ്യാവകാശങ്ങൾ ഉറപ്പുവരുത്തുന്നുണ്ടോയെന്നും നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നതിലെ കൃത്യത, കാര്യക്ഷമത എന്നിവ സംബന്ധിച്ചും മനസ്സിലാക്കുന്നതിനും വേണ്ടിയാണ് സമിതി സംസ്ഥാനത്തെ ജയിലുകൾ സന്ദർശിക്കുവാൻ തീരുമാനിച്ചത്. ജയിലുകളിലെ ജീവനക്കാരുടെ അപര്യാപ്തത, ജയിൽ പരിഷ്കരണ സംവിധാനങ്ങൾ, ചില പ്രതികൾക്ക് നൽകുന്ന അമിത സൗകര്യങ്ങൾ എന്നിവയും സമിതിയുടെ പരിഗണനാ വിഷയങ്ങളാണ്. പഠനത്തിന്റെ ഭാഗമായി സമിതി തിരുവനന്തപുരം, കണ്ണൂർ, വിയ്യൂർ സെൻട്രൽ ജയിലുകൾ സന്ദർശിക്കുകയും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിലുള്ള കണ്ടെത്തലുകളും നിർദ്ദേശങ്ങളും ശിപാർശകളും ഉൾപ്പെട്ടതാണ് ഈ റിപ്പോർട്ട്.

# റിപ്പോർട്ട്

## ഘടനയും സ്റ്റാഫ് പാറ്റേണും

സംസ്ഥാന ആഭ്യന്തര വകുപ്പിനു കീഴിൽ വരുന്ന ജയിൽ വകുപ്പിന്റെ ഭരണത്തലവൻ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (പ്രിസൺസ്) ആണ്. ഭരണ സൗകര്യത്തിനായി ജയിൽ വകുപ്പിനെ കണ്ണൂർ, തൃശ്ശൂർ, തിരുവനന്തപുരം എന്നിവ കേന്ദ്രീകരിച്ച് ഉത്തരമേഖല (1-ാം യൂണിറ്റ്), മധ്യമേഖല (2-ാം യൂണിറ്റ്), ദക്ഷിണമേഖല (3-ാം യൂണിറ്റ്) എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു. ഓരോ മേഖലയുടെയും ഭരണത്തലവൻ ജയിൽ ഡി.ഐ.ജി.യാണ്. മൂന്നു ഡി.ഐ.ജി.മാർക്കുപുറമെ വകുപ്പദ്ധ്യക്ഷനെ ഭരണപരമായ കാര്യങ്ങളിൽ സഹായിക്കുന്നതിന് ജയിൽ ആസ്ഥാന കാര്യാലയത്തിൽ ഒരു ഡി.ഐ.ജി.-യെ കൂടി നിയമിച്ചിട്ടുണ്ട്. ഭരണതലത്തിലും സാമ്പത്തിക കാര്യങ്ങളിലും മേൽനോട്ടം വഹിക്കുന്നതിന് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവരുമുണ്ട്. പ്രോഗ്രാം ഓഫീസർ, ചീഫ് ഓഡിറ്റ് ഓഫീസർ, പി.എ. റ്റു ഡി.ജി.പി., അക്കൗണ്ട്സ് ഓഫീസർ തുടങ്ങി മിനിസ്റ്റീരിയൽ തലത്തിലെ ഉദ്യോഗസ്ഥരെ ജയിലാസ്ഥാന കാര്യാലയത്തിലും നിയമിച്ചിരിക്കുന്നു.

സെൻട്രൽ ജയിലുകൾ, തുറന്ന ജയിലുകൾ, ജില്ലാ ജയിലുകൾ, സ്പെഷ്യൽ സബ് ജയിലുകൾ, സബ് ജയിലുകൾ, ബോർസ്റ്റൽസ്കൂൾ തുടങ്ങിയ വിവിധ ജയിൽ സ്ഥാപനങ്ങളിൽ ജയിൽ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഡെപ്യൂട്ടി സൂപ്രണ്ട്, ഡെപ്യൂട്ടി ജയിലർ, അസിസ്റ്റന്റ് ജയിലർമാർ, ഹെഡ് വാർഡൻ, വാർഡൻ, ഫീമെയിൽ വാർഡൻ, ടെക്നിക്കൽ സ്റ്റാഫ് എന്നിങ്ങനെ വിവിധ വിഭാഗം ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നു. തടവുകാരുടെ ക്ഷേമം സംബന്ധിച്ച കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ജയിൽ ആസ്ഥാന കാര്യാലയത്തിൽ ചീഫ് വെൽഫെയർ ഓഫീസറും മേഖലാ തലത്തിൽ റീജിയണൽ വെൽഫെയർ ഓഫീസർമാരും ജയിലുകളിൽ വെൽഫെയർ ഓഫീസർമാരും പ്രവർത്തിക്കുന്നു.

(സംസ്ഥാനത്തെ ജയിലുകൾ—അനുബന്ധം )

## ബഡ്ജറ്റ് വിഹിത വിനിയോഗം

ജയിലുകളുടെ ആധുനികവൽക്കരണത്തിനും സുരക്ഷ ശക്തമാക്കുന്നതിനും വേണ്ടി നിരവധി സംവിധാനങ്ങൾ ജയിലിൽ നടപ്പിലാക്കിവരുന്നു. 2011-12, 2012-13 വർഷങ്ങളിൽ 13-ാം ധനകാര്യ കമ്മീഷൻ അവാർഡ്, ജയിലുകളുടെ നവീകരണം, തടവുകാരുടെ ക്ഷേമം എന്നിവയിൽ ബഡ്ജറ്റ് വിഹിതം നൂറു ശതമാനവും ചെലവഴിക്കാൻ കഴിഞ്ഞതായി സമിതി മനസ്സിലാക്കി. അതീവ സുരക്ഷാ ജയിൽ, സൗരോർജ്ജ സംവിധാനം, പുതിയ സെൻട്രൽ ജയിൽ, ജില്ലാ ജയിൽ, പ്രധാന അറ്റകുറ്റപ്പണികൾ,

കുടിവെള്ള സംവിധാനം, ബയോഗ്യാസ് പ്ലാന്റ്, സി.സി.ടി.വി., തുറന്ന ജയിലുകൾ സ്ഥാപിക്കൽ എന്നിവയ്ക്കാണ് പ്രധാനമായും ബഡ്ജറ്റ് തുക ചെലവഴിക്കുന്നത്.

**തിരുവനന്തപുരം—പൂജപ്പുര സെൻട്രൽ ജയിൽ**

2013 ഡിസംബർ മാസം 11-ാം തീയതി സമിതി തിരുവനന്തപുരം പൂജപ്പുര സെൻട്രൽ ജയിൽ സന്ദർശിക്കുകയും അവിടത്തെ അടിസ്ഥാന സൗകര്യങ്ങൾ, അന്തേവാസികളുടെ പ്രശ്നങ്ങൾ, മറ്റു പൊതുവായ പ്രശ്നങ്ങൾ, സുരക്ഷാ ക്രമീകരണങ്ങൾ എന്നിവ നേരിട്ട് മനസ്സിലാക്കുകയും ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയും ചെയ്തു.

5000 പേരെ പാർപ്പിക്കാൻ സൗകര്യമുള്ള ജയിലിൽ 7500 തടവുകാരെ പാർപ്പിച്ചിട്ടുണ്ടെന്നും പ്രതികളെ ജയിലിൽ നിന്ന് കോടതിയിലേക്ക് കൊണ്ടുപോകുന്നതിന് ആവശ്യമായ പോലീസുകാരുടെ സേവനം വിനിയോഗിക്കുന്നുണ്ടെങ്കിലും പ്രതികളെ കോടതിയിലേക്ക് കൊണ്ടുപോകുന്നതിലെ അസൗകര്യം, പോലീസുകാരുടെ അപര്യാപ്തത, സുരക്ഷാകാരണങ്ങൾ എന്നിവമൂലം പല ജില്ലകളിലും വീഡിയോകോൺഫറൻസിംഗ് ഏർപ്പെടുത്തിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. മജിസ്ട്രേറ്റ് കോടതികളിലും സെഷൻസ് കോടതികളിലും വീഡിയോകോൺഫറൻസിംഗ് നടപ്പിലാക്കുമ്പോൾ ഒരു ദിവസം വിവിധ കോടതികളിൽ കേസ് നടക്കുകയാണെങ്കിൽ അത്രയും എണ്ണം ക്യാമറകൾ ജയിലിലും സ്ഥാപിക്കേണ്ടി വരുമെന്നും ഒരാൾക്കുതന്നെ ഒന്നിലധികം ക്യാമറകൾ നിയന്ത്രിക്കാൻ സാധിക്കുന്ന തരത്തിൽ സംവിധാനം ഏർപ്പെടുത്തേണ്ടിവരുമെന്നും സമിതി നിരീക്ഷിക്കുന്നു.

ജയിലിലെ പ്രകാശ സംവിധാനം പി.ഡബ്ല്യൂ.ഡി.യാണ് നടപ്പിലാക്കുന്നതെന്നും കൂടുതൽ കാലം നിലനിൽക്കുന്ന തരത്തിലുള്ള ലൈറ്റുകളല്ല സ്ഥാപിച്ചിട്ടുള്ളതെന്നും അവ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി കാര്യക്ഷമമല്ലെന്നും സമിതി കണ്ടെത്തുകയുണ്ടായി.

ജയിലിൽ ആന്വൽ മെയിന്റനൻസ് കോൺട്രാക്റ്റ് സിസ്റ്റം നടപ്പിലാക്കിയിട്ടില്ല. ജയിലുകളുടെ അറ്റകുറ്റപ്പണികൾക്കായി ബഡ്ജറ്റിൽ ഒരു ഹെഡ് അനുവദിക്കുകയാണെങ്കിൽ അറ്റകുറ്റപ്പണികൾക്ക് ആവശ്യമുള്ള തുക തടസ്സമില്ലാതെ ലഭിക്കുന്നതിന് സഹായിക്കുമെന്ന് സമിതി നിരീക്ഷിക്കുന്നു.

ജയിലിലെ അറ്റകുറ്റപ്പണികൾ, സുരക്ഷാസംവിധാനങ്ങൾ എന്നിവ സംബന്ധിച്ച് സമിതി വിശദമായി അന്വേഷിച്ചു. സുരക്ഷയുടെ ഭാഗമായി സെൻസർ സംവിധാനം ഏർപ്പെടുത്തുകയാണെങ്കിൽ രണ്ടു മൂന്നു മീറ്റർ അകലത്തിൽ ആളനക്കം ഉണ്ടായാലും സെക്യൂരിറ്റിക്കാർക്ക് മനസ്സിലാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കാനും സാധിക്കുമെന്നും പുറത്തുകൊണ്ടുപോയി തിരികെ വരുന്ന തടവുകാർക്ക് സ്കാനർ ഉപയോഗിച്ചുള്ള പരിശോധനയും ഫിസിക്കൽ വെരിഫിക്കേഷനും നടത്താറുണ്ടെന്നും

ഉദ്യോഗസ്ഥർ അറിയിക്കുകയുണ്ടായി. ഇക്കാര്യത്തിനായി നിലവിലുള്ള സംവിധാനങ്ങൾ വളരെ പഴയതാണെന്നും അത്യാധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്നും സമിതി നിരീക്ഷിക്കുന്നു.

സ്കാനറും മെറ്റൽ ഡിറ്റക്ടറും സ്ഥാപിക്കുന്നതോടൊപ്പം ഡോഗ് സ്ക്വാഡിന്റെ സേവനം വിനിയോഗിക്കേണ്ടതാണ്. മയക്കുമരുന്നുകൾ പോലുള്ള സാധനങ്ങൾ തിരിച്ചറിയാൻ ഇത് സഹായകമാകും. മതിലിനോട് ചേർന്നുള്ള മരങ്ങൾ മുറിച്ചുമാറ്റേണ്ടത് ആവശ്യമാണ്. മൺവെട്ടി, കോടാലി, വെട്ടുകത്തി തുടങ്ങിയ ആയുധങ്ങൾ സൂക്ഷിക്കുന്നതിന് കോൺക്രീറ്റ് കെട്ടിടങ്ങൾതന്നെ ആവശ്യമാണ്. പട്രോളിംഗ് കർശനമാക്കുകയും മൊബൈൽഫോൺ മുതലായവ പുറത്തുനിന്ന് എത്തിക്കുന്നത് തടയാൻ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കേണ്ടതുമാണ്.

മൂന്നുമാസത്തിലൊരിക്കൽ ജീവനക്കാരെ മാറ്റി നിയമിക്കുകയും സെൻസിറ്റീവ് പോസ്റ്റുകളിൽ താൽക്കാലിക ജീവനക്കാരെ ഒഴിവാക്കുകയും ചെയ്യേണ്ടതാണ്.

ജയിലുകളിലെ കെട്ടിടങ്ങൾ അറിടത്തെ ആവശ്യങ്ങൾക്ക് പര്യാപ്തമായ രീതിയിലായിരിക്കേണ്ടതാണെന്നും ജയിലുകളുടെ രൂപകല്പനയിൽ ജയിൽ ആർക്കിടെക്ചർ എന്ന നൂതന ആശയം സ്വീകരിക്കേണ്ടതാണെന്നും സമിതി നിരീക്ഷിക്കുന്നു.

ആശുപത്രി സംവിധാനങ്ങളും ചികിത്സാ സംവിധാനങ്ങളും സംബന്ധിച്ച് വിശദാംശങ്ങൾ സമിതി ആരാഞ്ഞതിന് കേരളത്തിലെ മൂന്ന് സെൻട്രൽ ജയിലുകളിലും തുറന്ന ജയിലുകളിലും എല്ലാ ദിവസവും ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്നുണ്ടെന്നും അത്യാവശ്യ ഘട്ടങ്ങളിൽ സമീപത്തുള്ള ജില്ലാ താലൂക്ക് ആശുപത്രികളുടെ സേവനം ലഭ്യമാക്കുന്നുവെന്നും മാനസികരോഗമുള്ളവരെ മാനസികാരോഗ്യകേന്ദ്രങ്ങളിലെത്തിച്ച് ചികിത്സ നൽകിവരുന്നുണ്ടെന്നും അധികൃതർ അറിയിച്ചു.

ജയിലുകളിൽ വിവിധ മതവിഭാഗങ്ങളിൽപ്പെടുന്നവർക്ക് അവരുടെ ആചാരങ്ങളനുസരിച്ച് ആരാധനയും പ്രാർത്ഥനയും നടത്തുന്നതിന് പരിമിതമായ തോതിൽ സൗകര്യങ്ങളുണ്ട്. പുറത്തുനിന്നുള്ളവർക്ക് അവരുടെ വിശ്വാസ്യത ഉറപ്പുവരുത്തിയശേഷം പ്രാർത്ഥന നടത്തുന്നതിന് അനുവാദം നൽകി വരുന്നതായും സമിതി മനസ്സിലാക്കുന്നു.

വനിതാ ജയിലുകളിൽ ആറുവയസ്സുവരെയുള്ള കുട്ടികളെ കൂടെ പാർപ്പിക്കുന്നതിന് അനുവദിക്കുന്നുണ്ട്. എല്ലാ വനിതാ ജയിലുകളിലും കുട്ടികൾക്കായി ക്രഷുകളും പ്രവർത്തിക്കുന്നു.

ജയിലുകളിൽ നിർമ്മിക്കുന്ന ഉല്പന്നങ്ങളിൽ വകുപ്പിന് ആവശ്യമുള്ളവ എടുത്തതിനു ശേഷം ജയിലിലെ വിപണന കേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്ക് വിറ്റഴിക്കുന്നു. ഓർഡർ അനുസരിച്ചും സാധനങ്ങൾ നിർമ്മിച്ചു നൽകുന്നു. തടവുകാരുടെ സേവനം പ്രയോജനപ്പെടുത്തി

ചപ്പാത്തി, ചിക്കൻ കറി, ഇഡ്ഡലി, സാമ്പാർ തുടങ്ങിയവ പാകം ചെയ്ത് ജയിൽ കൗണ്ടർവഴിയും മൊബൈൽ യൂണിറ്റുകൾ വഴിയും വിറ്റഴിക്കുന്നു. ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ മെഷീൻ ഉപയോഗിച്ചാണ് ചപ്പാത്തി ഉണ്ടാക്കുന്നത്. ശബരിമലയിലേക്ക് ആവശ്യമായ ഇഡ്ഡലിയും സാമ്പാറും ഉണ്ടാക്കി നൽകുന്നു. പാറകളുള്ള സ്ഥലങ്ങളിൽ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ പാറപൊട്ടിച്ച് എംസാന്റാക്കി വില്പന നടത്തുന്നു.

തടവുകാർക്ക് ഏറ്റവും കുറഞ്ഞ കൂലിയായ 21 രൂപ മുതൽ 117 രൂപവരെ നൽകുന്നു. 2007-ലാണ് തടവുകാർക്കുള്ള വേതനം അവസാനമായി പുതുക്കിയത്. നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ വേതനം പുതുക്കി നിശ്ചയിക്കേണ്ടതുണ്ട്. കൂടാതെ കുറ്റവാളികളുടെ അക്രമങ്ങൾക്ക് ഇരയാകപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് കൂലിയുടെ പകുതിയോ ലാഭത്തിന്റെ വിഹിതമോ നൽകുന്നതിനുള്ള സംവിധാനം നടപ്പിലാക്കേണ്ടതാണ്. സാമൂഹ്യനീതി വകുപ്പിൽനിന്നും വിക്ടിംസിന്റെ മക്കളുടെ വിദ്യാഭ്യാസത്തിനുള്ള സഹായം നൽകുന്നുണ്ട്. ജയിലിൽ നിന്നുള്ള വരുമാനത്തിന്റെ 20% ജയിലിൽ ചെലവാക്കാം എന്ന നിബന്ധന 50% എങ്കിലും ചെലവഴിക്കാമെന്ന് മാറ്റേണ്ടതാണ്.

ജയിലിലെ സോളാർ പാനൽ സ്ഥാപിച്ചിരിക്കുന്നത് കെൽട്രോണാണ്. ഇത് കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ജയിലിലെ ഇൻവെർട്ടർ സോളാർ സിസ്റ്റത്തിലാക്കേണ്ടതാണ്.

അംഗീകൃത സ്റ്റാഫ് പാറ്റേൺ 1:6 എന്ന അനുപാതത്തിൽ ആണെങ്കിലും അതനുസരിച്ചുള്ള നിയമനം നടക്കാത്തതിനാൽ ജീവനക്കാരുടെ വളരെയധികം ഒഴിവുകളുണ്ടെന്നും കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനും കൂടുതൽ തസ്തികകൾക്കു വേണ്ടിയും പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആധുനികവൽക്കരണത്തിന്റെ ഭാഗമായി ക്യാമറകൾ നിരീക്ഷിക്കുന്നതിനും മറ്റും കൂടുതൽ സാങ്കേതിക ജീവനക്കാർ ആവശ്യമായി വരുന്നുണ്ടെന്നും കൂടാതെ അധികമായി മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ ആവശ്യമുണ്ടെന്നും സമിതി വിലയിരുത്തുന്നു.

**തടവുകാരുടെ പരോൾ**

മൂന്നുതരത്തിലുള്ള പരോളുകളാണ് അനുവദിക്കുന്നത്. സാധാരണ അവധി, അടിയന്തരാവധി, ഹോം ലീവ്. വർഷത്തിൽ 2 തവണയാണ് പരോൾ അനുവദിക്കുന്നത്. അടുത്ത ബന്ധുക്കളുടെ മരണം പോലുള്ള അടിയന്തര ഘട്ടങ്ങളിൽ എമർജൻസി പരോൾ അനുവദിക്കുന്നു. പോലീസ് എസ്കോർട്ടോടുകൂടി തടവുകാരെ കൊണ്ടുപോയി തിരികെ കൊണ്ടുവരുന്നു. വിക്ടിംസിന്റെ കുടുംബാംഗങ്ങളുടെ എതിർപ്പ് ഉണ്ടാകുന്ന സന്ദർഭങ്ങളിൽ ക്രമസമാധാനപ്രശ്നം സംബന്ധിച്ച് ലോക്കൽ പോലീസിന്റെ റിപ്പോർട്ട് പ്രകാരം ഉപദേശക സമിതിയുടെ ശിപാർശ അനുസരിച്ചാണ് പരോൾ നൽകുന്നത്. പുറത്തുവിട്ടാൽ

പ്രശ്നക്കാരായവരെയും സ്ത്രീകൾക്കുനേരെ അതിക്രമം കാണിക്കുന്നവരെയും കാലാവധി കഴിഞ്ഞാലും പുറത്തുവിടാൻ പാടില്ലെന്ന് നിയമമുണ്ടെന്ന് അധികൃതർ അറിയിച്ചു

പൂജപ്പുര ജയിലിൽ ശിക്ഷ അനുഭവിക്കുന്ന 2795 പേരാണുള്ളതെന്നും 4500 റിമാന്റ് പ്രതികളുണ്ടെന്നും ഇവരെ ഒരുമിച്ചാണ് പാർപ്പിച്ചിരിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ഇവരെ പ്രത്യേകം താമസിപ്പിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്. മാനസിക പ്രശ്നമുള്ളവരെ താമസിപ്പിക്കുന്നതിന് പ്രത്യേക സെൽ ആരംഭിക്കേണ്ടതാണെന്നും സമിതി വിലയിരുത്തുന്നു. ക്രിമിനൽ പശ്ചാത്തലമുള്ളവരെ നോക്കുന്ന ഉദ്യോഗസ്ഥർക്ക് സ്വയരക്ഷയ്ക്കായി ആയുധം കൈവശം വയ്ക്കാൻ മനുഷ്യാവകാശ കമ്മീഷന്റെ ഇടപെടൽമൂലം സാധിക്കുന്നില്ല എന്നും സമിതി വിലയിരുത്തുന്നു.

ജയിലുകളിൽനിന്ന് കോടതികളിലേക്ക് കൊണ്ടുപോകുന്ന തടവുകാർക്ക് പ്രഭാത ഭക്ഷണത്തിന് 10 രൂപയും ഉച്ചഭക്ഷണത്തിന് 15 രൂപയുമാണ് നൽകുന്നത്. ഈ കാലഘട്ടത്തിൽ പ്രസ്തുത തുക വളരെ തുച്ഛമായതിനാൽ പോലീസും തടവുകാരും തമ്മിൽ പലപ്പോഴും തർക്കങ്ങൾ ഉണ്ടാകുന്നതായും സമിതി മനസ്സിലാക്കുന്നു.

**കണ്ണൂർ സെൻട്രൽ ജയിൽ**

സമിതി 2014 ആഗസ്റ്റ് മാസം 21-ാം തീയതി വ്യാഴാഴ്ച കണ്ണൂർ സെൻട്രൽ ജയിൽ സന്ദർശിക്കുകയും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

കേരളത്തിലെ ആകെയുള്ള 56 ജയിൽ സ്ഥാപനങ്ങളിൽ 52 എണ്ണവും ജയിലുകളാണെന്നും അവയെ ഭരണ സൗകര്യത്തിനായി സതേൺ, സെൻട്രൽ, നോർത്തേൺ എന്നിങ്ങനെ മൂന്ന് സോണുകളായി തരംതിരിച്ചിരിക്കുന്നു എന്നും 52 ജയിലുകളിൽ 23 എണ്ണവും നോർത്തേൺ സോണിലാണെന്നും സോണിന്റെ വിസ്തീർണ്ണം 375 ച. കിലോമീറ്ററാണെന്നും സമിതി മനസ്സിലാക്കുന്നു. ഡി.ഐ.ജി. ഓഫീസ് കോഴിക്കോട്ടായതിനാൽ ചട്ടപ്രകാരമുള്ള മിന്നൽ പരിശോധനകൾ നടത്തുന്നതിന് അസൗകര്യവും ഭരണപരമായ ബുദ്ധിമുട്ടുകളും അനുഭവപ്പെടുന്നുണ്ട്. നോർത്തേൺ സോൺ വിഭജിച്ച് കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകൾക്കുമാത്രമായി നിലവിലുള്ള കോഴിക്കോട് ഡി.ഐ.ജി. ഓഫീസിന്റെ പരിധി നിജപ്പെടുത്തുകയും വയനാട്, കാസർഗോഡ്, കണ്ണൂർ ജില്ലകൾക്കായി കണ്ണൂർ ആസ്ഥാനമായി ഒരു സോണൽ ഓഫീസ് ആരംഭിക്കുകയും ചെയ്യുന്നത് ഉചിതമായിരിക്കുമെന്നും സമിതി നിരീക്ഷിക്കുന്നു.

1200 തടവുകാരെ പാർപ്പിക്കാൻ സൗകര്യമുള്ള കണ്ണൂർ സെൻട്രൽ ജയിലിൽ 115 വാർഡൻമാർ മാത്രമാണുള്ളത്. ഉദയഭാനു കമ്മീഷൻ റിപ്പോർട്ടു പ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് 1:6 എന്ന അനുപാതമാണെങ്കിലും കണ്ണൂർ ജയിലിൽ അത് 1:18 ആണെന്നും സമിതി മനസ്സിലാക്കുന്നു.

കണ്ണൂർ ജയിലിൽ മിനിസ്റ്റീരിയൽ സ്റ്റാഫ് വിംഗ് ഇല്ലാത്തതിനാൽ ക്ലറിക്കൽ ജോലികൾ വാർഡൻമാരാണ് ചെയ്യുന്നത്. വാർഡൻ, ഹെഡ് വാർഡൻ തസ്തികകൾ 3:1 എന്ന അനുപാതത്തിലാണെന്നും പോലീസ് സേനയിൽ നൽകുന്ന ട്രെയിനിംഗാണ് ജയിൽ ജീവനക്കാർക്കും നൽകുന്നതെങ്കിലും പോലീസിൽ അനുവദിച്ചിട്ടുള്ള റേഷ്യോ പ്രൊമോഷൻ ജയിൽവകുപ്പിൽ നടപ്പിലാക്കിയിട്ടില്ലെന്നും സമിതിക്ക് മനസ്സിലാക്കാൻ സാധിച്ചു പോലീസിൽ തസ്തികകൾ പുനർനാമകരണം ചെയ്ത മാതൃകയിൽ ജയിലിലെ തസ്തികകളും പുനർനാമകരണം ചെയ്യേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

കണ്ണൂർ ജയിലിൽ ജീവപര്യന്തം തടവിനു വിധിക്കപ്പെട്ട 238 പേരും വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട 7 പേരും ഉൾപ്പെടെ 912 പേരുണ്ട്. വധശിക്ഷ വിധിക്കപ്പെട്ടവരാരും ദയാഹർജി സമർപ്പിച്ചിട്ടില്ലെന്ന് അധികൃതർ അറിയിച്ചു.

രാജസ്ഥാൻ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനത്തിൽനിന്നും കെൽട്രോൺ വഴി ജയിലിൽ സോളാർ പാനൽ സ്ഥാപിച്ചതുമൂലം 140 kv വൈദ്യുതി ലഭിക്കുന്നതുകൊണ്ട് ഇലക്ട്രിസിറ്റി ചാർജ്ജ് ഗണ്യമായി കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്. ജയിലിലെ സി.സി.ടി.വി. സംവിധാനം തകരാറിലാണ്. മാലിന്യസംസ്കരണത്തിനായി 10-ാം ബ്ലോക്കിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. ആയതിൽ നിന്ന് പാചകത്തിനാവശ്യമായ പാചകവാതകം ലഭിക്കുന്നു.

ജയിലിൽ 1000 പേർ താമസിക്കുന്ന ഒരു ഡോർമിറ്ററിയിൽ 10 ഫാനുകളാണ് ഉള്ളത്. ഫണ്ടിന്റെ അപര്യാപ്തതമൂലം അറ്റകുറ്റപ്പണികൾ യഥാസമയം നിർവ്വഹിക്കാൻ സാധിക്കുന്നില്ല. യഥാസമയം മെയിന്റനൻസ് ജോലികൾ നടത്താത്തതുമൂലം ബ്ലോക്കുകൾ പലതും തകർന്ന അവസ്ഥയിലാണ്. മെയിന്റനൻസ് ജോലികൾ തടവുകാരെക്കൊണ്ട് ചെയ്യിക്കാറുണ്ട്. ജയിലിലെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിനും പുതിയ നിർമ്മാണങ്ങൾ നടത്തുന്നതിനായി ഹെഡ്ക്വാർട്ടേഴ്സ് തലത്തിൽ ഒരു എഞ്ചിനീയറിംഗ് വിഭാഗവും ആർക്കിടെക്ചർ വിഭാഗവും അനുവദിക്കുന്നതിനും മെയിന്റനൻസിനുള്ള തുക വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

തടവുകാരുടെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജയിലിൽ സ്ഥിരമായി രണ്ട് ഡോക്ടർമാരാണുള്ളത്. സ്പെഷ്യാലിറ്റി ഡോക്ടർമാരില്ലാത്തതിനാൽ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം ആവശ്യമായി വരുന്ന അവസരങ്ങളിൽ തടവുകാരെ പുറത്തുള്ള ആശുപത്രികളിൽ കൊണ്ടുപോകുന്നു. നഴ്സിംഗ് സ്റ്റാഫിന്റെ തസ്തികയില്ല. 2 നഴ്സിംഗ് അസിസ്റ്റന്റുമാരും പാരാമെഡിക്കൽ സ്റ്റാഫിന്റെ 5 ഒഴിവിൽ 2 പേരുമാണുള്ളത്. 10 പേരെ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ആശുപത്രിയിൽ, ജില്ലാ ആശുപത്രിയിൽനിന്ന് ആർ.എം.ഒ. ആഴ്ചയിൽ രണ്ടു പ്രാവശ്യം സന്ദർശിക്കേണ്ടതാണ്. ജയിലിൽ മെയിൽ നഴ്സിന്റെ സേവനം അത്യാവശ്യമാണ്.

മാനസിക രോഗികളെ പാർപ്പിക്കുന്നതിന് പത്താം ബ്ലോക്കിൽ പ്രത്യേക സെല്ലുണ്ട്. ആഴ്ചയിൽ ഒരു ദിവസം സൈക്യാട്രി ഡോക്ടർ പരിശോധിക്കുന്നു. താൽക്കാലിക ജീവനക്കാരാണ് ഇവരെ നോക്കുന്നത്. തടവുകാർ സഹായിക്കുന്നുണ്ട്. മാനസിക രോഗികളുടെ കാര്യങ്ങൾ നോക്കുന്ന തടവുകാർക്ക് പരോൾ അനുവദിക്കുന്ന അവസരങ്ങളിൽ ഇളവുകൾ നൽകാറുണ്ട്. അക്രമസ്വഭാവമുള്ള രോഗികളെ മാനസികരോഗാശുപത്രിയിൽ അഡ്മിറ്റ് ചെയ്യുന്നു. മാനസിക രോഗികളായ തടവുകാരെ ചികിത്സിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനും ജയിലിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തേണ്ടതാണെന്ന് സമിതി നിരീക്ഷിക്കുന്നു.

തടവുകാരുടെ മാനസികോല്ലാസത്തിനും അവരുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി ജയിലുകളിൽ ആഘോഷപരിപാടികൾ സംഘടിപ്പിക്കുകയും ഫുട്ബോൾ, വോളിബോൾ, കാരംസ്, ചെസ്സ് തുടങ്ങിയ കളികളിൽ മത്സരങ്ങൾ നടത്തി വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്യുന്നു.

IGNOU-യുടെ ജയിലിലുള്ള റീജിയണൽ സെന്ററിൽ വിവിധ കോഴ്സുകളിലായി തടവുകാർ പഠിക്കുന്നു. ജയിലിലെ സ്കൂളിൽ സ്ഥിരം അദ്ധ്യാപകരുണ്ട്. ഇന്റേണൽ ട്രെയിനിംഗ്, ഫിസിക്കൽ ട്രെയിനിംഗ് എന്നിവ നൽകുന്നതിന് പ്രത്യേകം അദ്ധ്യാപകരുണ്ട്. കൂടാതെ കോളേജദ്ധ്യാപകർ ക്ലാസുകളെടുക്കാറുണ്ട്. ജയിലിൽ പതിനാലായിരം ബുക്കുകളുള്ള ലൈബ്രറി ഉണ്ട്. തടവുകാരുടെ ക്ഷേമകാര്യങ്ങൾ നോക്കുന്നതിന് ഒരു വെൽഫെയർ ഓഫീസറുമുണ്ട്.

തടവുകാർക്കായി എൻ.ജി.ഒ.കൾ വഴിയും സ്കൂൾ കുട്ടികൾ വഴിയും ബോധവൽക്കരണ പരിപാടികൾ നടത്തുന്നു. മദ്യം, മയക്കുമരുന്ന്, പുകവലി എന്നിവയ്ക്കെതിരെ ആറുമാസത്തിലൊരിക്കൽ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു. തൊഴിലെടുക്കുന്നതിലൂടെയും വായനയിലൂടെയും തടവുപുള്ളികളുടെ സ്വഭാവത്തിൽ മാറ്റം ഉണ്ടാകുന്നു എന്ന് സമിതി മനസ്സിലാക്കുന്നു. തടവുകാർ തമ്മിലുള്ള പ്രശ്നങ്ങൾ ഉദ്യോഗസ്ഥർ ഇടപെട്ട് പരിഹരിക്കുന്നു. പ്രശ്നക്കാരായ തടവുകാർക്ക് ഇളവുകൾ അനുവദിക്കാതിരിക്കുകയും പരോൾ അനുവദിക്കാതിരിക്കുകയും ചെയ്യുന്നു. തടവുകാരെ ജയിലിനു പുറത്തുകൊണ്ടുപോകുന്നത് പോലീസ് എസ്കോർട്ടോടെയാണ്. അടിയന്തര സാഹചര്യങ്ങളിൽ മാത്രമേ ജീവനക്കാർ പുറത്തുകൊണ്ടുപോകുന്നുള്ളൂ.

തടവുകാർ ജയിലിനു പുറത്തുപോയി തിരികെയെത്തുമ്പോൾ മയക്കുമരുന്നുകൾ ഉൾപ്പെടെയുള്ള നിരോധിത സാധനങ്ങൾ കൊണ്ടുവരാൻ സാധ്യതയുണ്ട്. ഇവ ദേഹപരിശോധന നടത്തി കണ്ടെത്തുക ബുദ്ധിമുട്ടായതിനാൽ ശരീരം പൂർണ്ണമായി സ്കാൻ ചെയ്യുന്നതിനുള്ള സ്കാനിംഗ് സംവിധാനം ജയിലിൽ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു.

ദീർഘകാല ശിക്ഷ വിധിച്ചിട്ടുള്ളവർക്ക് 2 വർഷം തടവ് പൂർത്തിയായശേഷം മാത്രമേ പരോൾ അനുവദിക്കുകയുള്ളൂ. പരോൾ അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ പോലീസ് വഴിയും ജില്ലാ പ്രൊബേഷണറി ഓഫീസർ വഴിയും അന്വേഷണം നടത്തി 30 ദിവസത്തേക്ക് പരോൾ അനുവദിക്കുന്നു. അടുത്ത ബന്ധുക്കളുടെ കല്യാണം, മരണം തുടങ്ങിയ സന്ദർഭങ്ങളിൽ പോലീസിന്റെ എൻക്വയറി സർട്ടിഫിക്കറ്റ് ലഭിച്ചശേഷം 10 ദിവസത്തേക്ക് എമർജൻസി പരോൾ അനുവദിക്കുന്നു. അടുത്ത ബന്ധുക്കൾ മരിച്ചാൽ പോലീസ് എസ്കോർട്ടോടുകൂടി ഭൗതിക ശരീരം കാണാൻ അനുവദിക്കുന്നതിന് ജയിൽ സൂപ്രണ്ടിന് അധികാരമുണ്ട്. റിമാൻഡ് തടവുകാരുടെ കാര്യത്തിൽ മജിസ്ട്രേറ്റിന്റെ ഉത്തരവ് ഉണ്ടായാൽ മാത്രമേ പരോൾ അനുവദിക്കുകയുള്ളൂ .

ഒരു തടവുകാരന് 5 പേർ വീതമുള്ള 2 ഗ്രൂപ്പ് സന്ദർശകരെ ആഴ്ചയിൽ കാണുന്നതിന് അനുവാദം നൽകാറുണ്ട് എന്നും സന്ദർശകർ ഐഡന്റിറ്റി കാർഡ് കർശനമായും ഹാജരാക്കേണ്ടതാണെന്നും സമിതി മനസ്സിലാക്കുന്നു. അരമണിക്കൂർ സമയമാണ് സാധാരണ അനുവദിക്കാറുള്ളത്. അച്ഛൻ, അമ്മ, ഭാര്യ എന്നിവരെ എല്ലാ ദിവസവും കാണാൻ അനുവദിക്കുന്നു. പൊതു അവധി ദിവസങ്ങളിൽ സന്ദർശകരെ അനുവദിക്കാറില്ല.

ജയിലിൽ 21 വനിതാ തടവുകാരാണ് ഉള്ളത്. അവരുടെ കുട്ടികളുടെ പുനരധിവാസം സാമൂഹ്യനീതി വകുപ്പാണ് നടപ്പാക്കുന്നത്. ഇവരുടെ 6 വയസ്സുവരെ പ്രായമുള്ള കുട്ടികളെ ജയിലിൽ പാർപ്പിക്കുന്നതിന് സൗകര്യമുണ്ട്. ബി.പി.എൽ. മാനദണ്ഡമനുസരിച്ച് 10-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് 6,000 രൂപയും ഹയർ സെക്കന്ററി തലം മുതൽ പഠിക്കുന്നവർക്ക് 12,000 രൂപയും പ്രതിവർഷം സാമൂഹ്യനീതി വകുപ്പ് അനുവദിക്കുന്നുണ്ട്. ക്ഷേമപെൻഷൻ വാങ്ങുന്ന തടവുകാർക്ക് അത് തുടർന്നും ലഭിക്കുന്നതിന് അർഹതയുണ്ട്.

ജയിലിൽ വിവിധതരം ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും വിറ്റഴിക്കുകയും ചെയ്യുന്നുണ്ട്. മര ഉൽപ്പന്നങ്ങൾക്കായി വനം വകുപ്പിൽനിന്ന് തടി വാങ്ങി ഉല്പന്നങ്ങൾ നിർമ്മിച്ച് സ്വകാര്യ വ്യക്തികൾക്കും ഗവൺമെന്റ് സ്ഥാപനങ്ങൾക്കും നൽകിവരുന്നു. 5% ലാഭം കൂടി ഉൾപ്പെടുത്തിയാണ് ഉൽപ്പന്നങ്ങൾക്ക് വില നിശ്ചയിക്കുന്നത്. കഴിഞ്ഞവർഷം 54,74,768 രൂപയുടെ വരുമാനം ഉണ്ടായിരുന്നു. ജയിലിൽ ജോലി ചെയ്യുന്ന തടവുകാർക്ക് ആദ്യഘട്ടത്തിൽ 21 രൂപയും രണ്ടാം ഘട്ടത്തിൽ 30 രൂപയും മൂന്നാം ഘട്ടത്തിൽ 40 രൂപയും പിന്നീട് 53 രൂപയുമാണ് കൂലി നൽകുന്നത്. നെയ്ത്ത്, തയ്യൽ തുടങ്ങിയ പല മേഖലകളിലും ജോലി ചെയ്യുന്നവരുണ്ട്. പൊതുമരാമത്ത് ജോലികളിൽ നിയോഗിക്കപ്പെടുന്നവർക്ക് 117 രൂപയാണ് പരമാവധി കൂലി. ഭക്ഷണസാധനങ്ങൾ തയ്യാറാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെടുന്നവർക്കും തുറന്ന ജയിലിലെ തൊഴിലാളികൾക്കും 117 രൂപയാണ് കൂലി. 2013-14-ൽ ആഹാരസാധനങ്ങൾ ഉണ്ടാക്കി വിറ്റ വകയിൽ 4,64,69,144 രൂപ വരുമാനം ഉണ്ടായിട്ടുണ്ട്. 2012 ഒക്ടോബർ 27-ന് ആരംഭിച്ച

ഫുഡ് പ്രോസസിംഗ് യൂണിറ്റിൽ നിലവിൽ മൊത്തം ലാഭം 3 കോടി രൂപയാണെന്നും ഇതുവരെയുള്ള ടേൺ ഓവർ 7 കോടി രൂപയാണെന്നും സമിതി മനസ്സിലാക്കുന്നു.

തടവുചാടുന്നവർക്കെതിരെ IPC 224 പ്രകാരം നടപടികൾ സ്വീകരിക്കുമെന്നും തടവുചാടുന്നവർക്ക് പിന്നീട് പരോൾ അനുവദിക്കുന്നതുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ തടയുമെന്നും സമിതി മനസ്സിലാക്കുന്നു. സ്ഥിരം ജീവനക്കാരുടെ കുറവ് പ്രവർത്തനങ്ങളെ ബാധിക്കുന്നു. തടവുപുള്ളികൾ ജയിൽ ചാടുന്ന അവസരങ്ങളിൽ താൽക്കാലിക ജീവനക്കാരാണ് ഡ്യൂട്ടി നോക്കുന്നതെങ്കിൽ അവർക്കെതിരെ നടപടി സ്വീകരിക്കാൻ കഴിയില്ല. ജയിൽവകുപ്പിൽ ഓഫീസർ തസ്തികയിൽ നിയമിക്കപ്പെടുന്നവർപോലും മറ്റു ജോലികൾ കിട്ടിയാൽ പോകുന്ന അവസ്ഥയാണ്. ജയിൽ ജീവനക്കാർക്ക് നൽകുന്ന പരിശീലനം പരിമിതമാണ്. നെട്ടുകാൽത്തേരിയിലെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കറക്ഷണൽ അഡ്മിനിസ്ട്രേഷൻ എന്ന സ്ഥാപനത്തിന് കണ്ണൂരും, തൃശ്ശൂരും എക്സ്റ്റെൻഷൻ സെന്ററുകളുണ്ട്. ഈ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യക്കുറവും പരിശീലകരുടെ കുറവും പ്രതികൂല ഘടകങ്ങളാണ്. ജയിൽ ഓഫീസർമാർക്ക് ട്രെയിനിംഗ് നൽകുന്നതിന് വെല്ലൂരിൽ ഇൻസ്റ്റിറ്റ്യൂട്ട് ഉണ്ട്.

ജയിൽ ഡി.ജി.പി. ചെയർമാനായ 9 അംഗ ഉപദേശക സമിതിയിൽ ജില്ലാ കളക്ടർ, ജില്ലാ ജഡ്ജി, ജില്ലാ പോലീസ് ചീഫ് എന്നിവരും 3 നോൺ ഒഫീഷ്യൽ അംഗങ്ങളുമാണ് ഉള്ളത്. 5 വർഷമാണ് കാലാവധി.

126 ഏക്കർ ഉണ്ടായിരുന്ന ജയിലിന്റെ ഭൂമി 84 ഏക്കറായി കുറഞ്ഞതിൽ സമിതി ആശങ്കപ്പെടുകയുണ്ടായി. ജയിൽവക ഭൂമി അന്യാധീനപ്പെട്ടു പോകാതെ സംരക്ഷിക്കുന്നതിനും ജയിലിലെ ഓഫീസ് രേഖകൾ നശിച്ചുപോകാതെ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിനും അടിയന്തര നടപടി ആവശ്യമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

ജയിലിൽ തടവുകാർക്കു നൽകുന്ന ഭക്ഷണം മതിയായ അളവിലുള്ളതും ഗുണനിലവാരമുള്ളതുമാണെന്ന് സമിതി നിരീക്ഷിച്ചു. അടുക്കള വളരെ ശോചനീയമായ അവസ്ഥയിലാണെന്നു മനസ്സിലാക്കിയ സമിതി, അടുക്കളയുടെ നവീകരണത്തിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണെന്ന് നിരീക്ഷിക്കുന്നു.

ജയിലിൽ ലൈബ്രറിയുടെ പ്രവർത്തനം തൃപ്തികരമാണ്. അന്തേവാസികൾക്ക് ലൈബ്രറിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്.

ജയിൽ ഡിസ്പെൻസറി പ്രവർത്തിക്കുന്ന കെട്ടിടം നാശോന്മുഖമായ അവസ്ഥയിലാണെന്നും സ്പെഷ്യാലിറ്റി ഡോക്ടറുടെ അഭാവമുണ്ടെന്നും സമിതി കണ്ടെത്തി. മരുന്നു വാങ്ങുന്നതിനുള്ള നിലവിലെ പരിധി ദിവസേന 500 രൂപയാണ്. ഇതുമാറ്റി ദിവസേന മരുന്നിനാവശ്യമായ തുക ലഭിക്കുന്നതിനുള്ള അടിയന്തര സംവിധാനം നടപ്പിലാക്കേണ്ടതാണ്.

ടി.ബി. രോഗം ബാധിച്ചവരെ മാത്രമാണ് ഇപ്പോൾ മാറ്റിപ്പാർപ്പിക്കാൻ സൗകര്യമുള്ളത്. ഇതിനുപകരം സാംക്രമിക രോഗങ്ങളുള്ളവരെയും MDR, XDR വിഭാഗങ്ങളിൽപ്പെടുന്ന രോഗികളെയും മാറ്റിപ്പാർപ്പിക്കുന്നതിന് സംവിധാനമുണ്ടാകണം.

**സെൻട്രൽ ജയിൽ വിയ്യൂർ, തൃശ്ശൂർ**

സമിതി 2014 സെപ്റ്റംബർ 24-ാം തീയതി വിയ്യൂർ സെൻട്രൽ ജയിൽ സന്ദർശിക്കുകയും ജയിലിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

വിയ്യൂർ ജയിൽ ഉൾപ്പെടുന്ന സെൻട്രൽ സോണിൽ ആകെ 17 ജയിലുകളാണുള്ളത്. സോണുകളുടെ വിഭജനത്തിന് വേണ്ടിയുള്ള നിർദ്ദേശം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും വിയ്യൂർ സെൻട്രൽ ജയിലിന്റെ ഭരണകാര്യങ്ങൾ നിർവ്വഹിക്കുന്നത് സെൻട്രൽ ജയിൽ സൂപ്രണ്ടാണെന്നും അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരുടെ 64 ഒഴിവുണ്ടെന്നും സമിതി മനസ്സിലാക്കി.

തടവുകാരെ പാർപ്പിക്കുന്നതിന് 180 മീറ്റർ നീളവും വീതിയുമുള്ള 4 ബ്ലോക്കുകളിലായി 44 സെല്ലുകളാണുള്ളത്.

ജയിലിൽ 523 തടവുകാരെ പാർപ്പിക്കുന്നതിനുള്ള സൗകര്യമാണുള്ളതെങ്കിലും 670 പേരാണുള്ളത്. ഉദയഭാനു കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള 1:6 അനുപാതം നടപ്പാക്കുക യാണെങ്കിൽ 24 മണിക്കൂറും ജോലി ചെയ്യുന്നതിനു 345-ഓളം വാർഡൻമാർ വേണ്ടിവരും. എന്നാൽ നിലവിൽ 78 വാർഡൻമാരുടെ അംഗീകൃത തസ്തികകളാണുള്ളത്. ജയിൽ വകുപ്പിൽ ഏകദേശം 8 വർഷത്തോളമായി ഡിപിസി കൂടി പ്രൊമോഷൻ നൽകാത്ത അവസ്ഥയുണ്ട്. ലിസ്റ്റ് സർക്കാർ അംഗീകരിച്ചശേഷം സോൺ അടിസ്ഥാനത്തിലാണ് പ്രൊമോഷൻ നടത്തുന്നത്. ചില സോണുകളിൽ വേഗത്തിൽ പ്രൊമോഷൻ ലഭിക്കാറുണ്ട്. കൂടാതെ 50 വയസ്സ് കഴിഞ്ഞവർക്ക് ടെസ്റ്റ് പാസ്സാകണമെന്ന നിബന്ധനയില്ല.

തടവുകാരെ പുറത്തു കൊണ്ടുപോകുമ്പോൾ മൊബൈൽ, സിംകാർഡ്, കഞ്ചാവു പോലുള്ള ലഹരി വസ്തുക്കൾ എന്നിവ ജയിലിൽ എത്തുന്ന സാഹചര്യമുണ്ടാകുന്നു മാത്രമല്ല ഇവരെ ആശുപത്രികളിലേക്കും കോടതികളിലേക്കും കൊണ്ടുപോകുന്നതിന് നിരവധി പോലീസുകാർ ജോലി ചെയ്യേണ്ടതായും വരുന്നു. ഇത്തരം ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് വീഡിയോകോൺഫറൻസിംഗ് ഫലപ്രദമാകുമെന്നും സമിതി വിലയിരുത്തുന്നു. വീഡിയോ കോൺഫറൻസിംഗ് ഐടി മിഷന്റെ സഹായത്തോടുകൂടി അഞ്ചു ജില്ലകളിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ലെന്നും ബാക്കി ഒൻപത് ജില്ലകളിൽ കൂടി നടപ്പിലാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് തുക അനുവദിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്തെ എല്ലാ ജയിലുകളിലും ബന്ധപ്പെട്ട കോടതികളിലും വീഡിയോകോൺഫറൻസിംഗിനുള്ള ഫലപ്രദമായ

സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ഇതിനാവശ്യമായ വിദഗ്ധരായ ജീവനക്കാരെ അടിയന്തരമായി നിയമിക്കുകയും ചെയ്യണം.

വിചാരണയ്ക്ക് പുറത്തുകൊണ്ടുപോകുന്ന തടവുകാർക്ക് ഭക്ഷണത്തിന് 35 രൂപയാണ് ലഭിക്കുന്നത്. ആവശ്യമായ പച്ചക്കറിയുടെ 25-30 ശതമാനവും ജയിൽ വളപ്പിലെ കൃഷിയിൽനിന്നും, ആവശ്യമായ ഇറച്ചി ഗോട്ട് ഫാമിൽനിന്നും എടുക്കുന്നു.

ഭക്ഷണം പാകം ചെയ്യാനറിയുന്നവരെയും താല്പര്യമുള്ളവരെയുമാണ് അടുക്കള പണികൾക്ക് നിയോഗിക്കുന്നത്. ദിവസേന 22000 ചപ്പാത്തികൾ ഉണ്ടാക്കുന്ന യൂണിറ്റിൽ അതോടൊപ്പം ചിക്കൻകറിയും വെജിറ്റബിൾ കറിയും നൽകുന്നു. ഭക്ഷണ സാധനങ്ങൾ ജയിലിലെ വില്പനശാലകൾ വഴിയും മൊബൈൽ യൂണിറ്റുകൾ വഴിയുമാണ് വിറ്റഴിക്കുന്നത്. ഭക്ഷണ യൂണിറ്റിനുപുറമെ കൃഷി, വീവിംഗ്, വെട്ടുകല്ല്, ക്വാറി തുടങ്ങിയ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ലാഭം സർക്കാരിൽ നൽകിയിരുന്നത് ഇപ്പോൾ സൂപ്രണ്ടുമാർക്ക് ചെലവഴിക്കാൻ അധികാരമുണ്ടെന്നും എങ്ങനെ ചെലവഴിക്കണമെന്ന് തീരുമാനിക്കുന്നത് വകുപ്പാണെന്നും മനസ്സിലാക്കുന്നു. ജയിലിലെ ചപ്പാത്തി യൂണിറ്റിൽ പണിയെടുക്കുന്നവർക്ക് കൂടിയ കൂലി 117 രൂപയാണ്. മാസവരുമാനത്തിന്റെ 1/4 ഭാഗം വീടുകളിലേക്ക് അയച്ചുകൊടുക്കാവുന്നതാണ്.

ജയിൽ ആധുനികവൽക്കരണത്തിനും സുരക്ഷ ശക്തമാക്കുന്നതിനുമായി മൊബൈൽ ജാമറുകളും സി.സി.ടി.വി.യും സ്ഥാപിച്ചുവെങ്കിലും അവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. ഇതിനുശേഷം തടവുകാർ തമ്മിലുള്ള പ്രശ്നം കുറഞ്ഞിട്ടുണ്ട്. മൂന്ന് മാസത്തിനുള്ളിൽ എല്ലാ ജയിലുകളിലും സി.സി.ടി.വി. ഏർപ്പെടുത്തണമെന്ന ഹൈക്കോടതി വിധിയുള്ളതായി മനസ്സിലാക്കിയ സമിതി എല്ലാ ജയിലുകളിലും ആധുനിക രീതിയിലുള്ള സി.സി.ടി.വി. സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു കൂടാതെ മെറ്റൽഡിറ്റക്ടറും ശരീരം പൂർണ്ണമായും സ്കാൻ ചെയ്യുന്നതിനുള്ള സ്കാനറും സ്ഥാപിക്കേണ്ടതാണ്.

ജയിലിലെ പ്രകാശ സംവിധാനം വളരെ അപര്യാപ്തമാണ്. അടുക്കള നാശോന്മുഖമായ അവസ്ഥയിലാണ്. സംസ്ഥാനത്തെ ജയിലുകളിൽ ആധുനിക രീതിയിലുള്ള അടുക്കളയും കോമൺ ഡൈനിംഗ് ഹാളും ആവശ്യമാണ്. ആയതിനാൽ ജയിലുകളിൽ പൂർണ്ണമായ രീതിയിലുള്ള ലൈറ്റിംഗ് സംവിധാനം, നവീനരീതിയിലുള്ള അടുക്കള, കോമൺ ഡൈനിംഗ് ഹാൾ എന്നിവയും അത്യാവശ്യമാണ് എന്ന് സമിതി നിരീക്ഷിക്കുന്നു.

തടവുകാരുടെ ആരോഗ്യ പ്രശ്നങ്ങൾ, മാനസിക രോഗികളുടെ ചികിത്സ, പരിചരണം, പുനരധിവാസം എന്നിവയും സമിതി വിലയിരുത്തി. ഒരു ഫിസിഷ്യനും ദന്തിസ്റ്റും ഉൾപ്പെടെ 2 ഡോക്ടർമാരും ഒരു പാരാമെഡിക്കൽ അസിസ്റ്റന്റും ഉണ്ട്. ഒരു ഫാർമസിയും 10 പേരെ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ആശുപത്രിയും ഉണ്ട്. വിവിധ ജയിലുകളിലായി 270-ഓളം മാനസികരോഗികളായ തടവുകാരുണ്ട്. ഇവരുടെ

പരിചരണത്തിന് മെയിൽ നഴ്സ് ഇല്ല. ശിക്ഷ കഴിഞ്ഞാലും രോഗംമാറിയാലും ഇവരെ ഏറ്റെടുക്കാൻ ആളില്ലാത്ത അവസ്ഥയുണ്ട്. ജയിലുകളിൽ തടവുകാരുടെ എണ്ണത്തിനാനുപാതികമായി ഡോക്ടർമാരെയും അനുബന്ധ ജീവനക്കാരെയും നിയമിക്കേണ്ടതാണ്. അത്യാവശ്യ പരിശോധനാ ലാബുകൾ സ്ഥാപിക്കുകയും മാനസിക രോഗികളായവരെയും പകർച്ചവ്യാധികൾ പിടിപെട്ടവരെയും പ്രത്യേകം താമസിപ്പിക്കുന്നതിനുള്ള സംവിധാനം, പുനരധിവാസ സൗകര്യം എന്നിവ ഏർപ്പെടുത്തുകയും ചെയ്യണം.

പല അസുഖങ്ങൾക്കും സ്ഥിരമായി മരുന്നുകഴിക്കുന്ന ധാരാളം പേരുണ്ടെങ്കിലും മരുന്നിനായി ഒരു ദിവസം 500 രൂപ മാത്രം ചെലവഴിക്കാനുള്ള അധികാരമേ ജയിൽ സൂപ്രണ്ടിനുള്ളൂ. ദൈനംദിനാവശ്യത്തിനുള്ള മരുന്ന്, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള അധികാരം ജയിൽ സൂപ്രണ്ടിന് നൽകേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

തടവുകാരുടെ മാനസികോല്ലാസത്തിനും കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി ലൈബ്രറി, പത്രം, ടിവി തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. 1200 പുസ്തകങ്ങളുള്ള ലൈബ്രറിയും പത്രം, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയും ലഭിക്കുന്നുണ്ട്. ജയിലിൽ പ്രവർത്തിക്കുന്ന IGNOU-യുടെ സെന്ററിൽ വിവിധ കോഴ്സുകളിലായി ധാരാളംപേർ പഠിക്കുന്നുണ്ട്. ജയിലിൽ ക്ലാസുകൾ എടുക്കുന്നതിനും മറ്റു പഠനപ്രവർത്തനങ്ങൾക്കുമായി ഒരു കെട്ടിടം ആവശ്യമാണെന്ന് സമിതി നിരീക്ഷിക്കുന്നു.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കറക്ഷണൽ അഡ്മിനിസ്ട്രേഷൻ

ജയിൽ വകുപ്പിലെ എക്സിക്യൂട്ടീവ്/മിനിസ്റ്റീരിയൽ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനുള്ള സ്ഥാപനമായ 'സിക്ക' തിരുവനന്തപുരത്ത് തേവൻകോട് എന്ന സ്ഥലത്ത് പ്രവർത്തിക്കുന്നു. വാർഡൻമാർക്കുള്ള അടിസ്ഥാന പരിശീലനവും മറ്റു ഉദ്യോഗസ്ഥർക്കുള്ള റിഫ്രഷർ കോഴ്സുകളും നടത്തുന്നു. സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം എന്നീ ദിവസങ്ങളിലെ പരേഡിൽ വകുപ്പിനെ പ്രതിനിധീകരിക്കുന്നവർക്ക് പരിശീലനം നൽകുന്നു. മെയിൽ വാർഡൻ/ഫീമെയിൽ വാർഡൻ തസ്തികകളിൽ ജോലിയിൽ പ്രവേശിക്കുന്നവർക്ക് 9 മാസത്തെ അടിസ്ഥാന പരിശീലനം നൽകുന്നു.

## സംസ്ഥാനത്തെ തുറന്ന ജയിലുകൾ

സംസ്ഥാനത്ത് മൂന്ന് തുറന്ന ജയിലുകളാണ് ഉള്ളത്. നെട്ടുകാൽത്തേരി, ചീമേനി, പൂജപ്പുര വനിതാ തുറന്ന ജയിൽ എന്നിവ. സംസ്ഥാനത്തെ സെൻട്രൽ ജയിലുകളിൽ ശിക്ഷ അനുഭവിച്ചുവരുന്ന നല്ല സ്വഭാവക്കാരായ തടവുകാരെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഒരു കമ്മിറ്റി തെരഞ്ഞെടുത്ത് തുറന്ന ജയിലിലേക്ക് അയയ്ക്കുന്നു. കുറഞ്ഞ സുരക്ഷാ സംവിധാനത്തിൽ പാർപ്പിക്കാൻ കഴിയുന്നവരെയാണ് തുറന്ന ജയിലിലേക്ക് അയയ്ക്കുന്നത്.

മൂന്നുവർഷവും അതിനുമേലും ശിക്ഷിക്കപ്പെട്ടിട്ടുള്ള തടവുകാർ ഇളവടക്കം മൂന്നുവർഷം ശിക്ഷ പൂർത്തീകരിച്ച് തുറന്ന ജയിലുകളിലേക്ക് പ്രവേശനത്തിന് അർഹത നേടുന്നു. 3 വർഷത്തിന് താഴെ ശിക്ഷിക്കപ്പെട്ടവർ ഇളവടക്കം 2 വർഷം പൂർത്തിയാക്കിയിരിക്കണം. മെയിന്റനൻസ് കേസിലും ചെക്കുകേസിലും ശിക്ഷിക്കപ്പെട്ടിട്ടുള്ളവർ ഇളവടക്കം ശിക്ഷയുടെ മൂന്നിലൊന്നു പൂർത്തീകരിച്ചാൽ തുറന്ന ജയിലിൽ പ്രവേശനത്തിന് അർഹത നേടുന്നു. 'എ' ക്ലാസ് തടവുകാരെയും മുൻ ഉത്തരവനുസരിച്ച് തുറന്ന ജയിലിൽ പാർപ്പിക്കുന്നു. തുറന്ന ജയിലുകളിൽ ബാരക്കുകളിലാണ് തടവുകാരെ പാർപ്പിക്കുന്നത്. ഇവിടെ കട്ടിലുകൾ ഉപയോഗിക്കുന്നതിന് അനുവാദമുണ്ട്.

തുറന്ന ജയിലിൽ പ്രവേശിപ്പിക്കുന്നവരെ പ്രധാനമായും കൃഷിപ്പണി ചെയ്യുന്നതിനാണ് നിയോഗിക്കുന്നത്. കൂടാതെ ഇഷ്ടിക നിർമ്മാണം, ഡയറിഫാം, ഗോട്ട്ഫാം, പൗൾട്രിഫാം, പന്നിവളർത്തൽ, ചെങ്കല്ല് വെട്ട് തുടങ്ങിയവയിലും പരിശീലനം നൽകുന്നു.

**സന്ദർശകർക്കുള്ള നിബന്ധനകൾ**

അവധി ദിവസങ്ങൾ ഒഴികെയുള്ള ദിവസങ്ങളിൽ 10 മണി മുതൽ 1 മണി വരെയും 3 മണി മുതൽ 5 മണി വരെയും സന്ദർശനം അനുവദിക്കുന്നു. സന്ദർശകർ അപേക്ഷയ്ക്കുപുറമേ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ കോപ്പി ഹാജരാക്കേണ്ടതാണ്. സാധാരണയായി, ഒരു അന്തേവാസിക്ക് ആഴ്ചയിൽ 2 പ്രാവശ്യമാണ് സന്ദർശകരെ അനുവദിക്കുന്നത്. അത്യാവശ്യ സന്ദർഭങ്ങളിൽ സൂപ്രണ്ടിന്റെ വിവേചനാധികാരം ഉപയോഗിച്ച് കൂടുതൽ തവണയും സന്ദർശകരെ അനുവദിക്കാവുന്നതാണ്. ഒരു സമയം പരമാവധി 3 പേരെയാണ് അനുവദിക്കുന്നതെങ്കിലും ബന്ധുക്കളാണെങ്കിൽ എണ്ണത്തിൽ ഇളവ് അനുവദിക്കാറുണ്ട്.

**തടവുകാരുടെ മക്കൾക്കുള്ള ആനുകൂല്യം**

വനിതാ തടവുകാരുടെ 6 വയസ്സുവരെ പ്രായമുള്ള കുട്ടികളെ കൂടെ താമസിപ്പിക്കാൻ അനുവദിക്കുന്നു. അന്തേവാസികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായവും നൽകുന്നു. 1-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെ 6,000 രൂപയും +1 മുതൽ 12,000 രൂപയുമാണ് വർഷംതോറും സാമൂഹ്യനീതി വകുപ്പ് അനുവദിക്കുന്നത്.

തടവുകാർക്കായി സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന് നിർദ്ദേശിക്കുമ്പോഴും കുറ്റവാളികളില്ലാത്ത ഒരു സമൂഹത്തിനായാണ് നാം പ്രവർത്തിക്കേണ്ടത്. സമൂഹത്തിന്റെ മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ കുറ്റവാളികളുടെ എണ്ണം കുറഞ്ഞുവരുന്ന ഒരു കാലം ഉണ്ടാകുമെന്ന് സമിതി പ്രത്യാശിക്കുന്നു.

## പൊതു ശിപാർശകൾ

1. ജയിൽക്കെട്ടിടങ്ങളുടെ രൂപകല്പന പലപ്പോഴും തടവുകാരെ പാർപ്പിക്കുന്നതിന് പര്യാപ്തമായ രീതിയിലല്ല എന്ന് സമിതി വിലയിരുത്തുന്നു. പല ജയിലുകളിലും അനുവദനീയമായതിൽ കൂടുതൽ തടവുകാരെയാണ് പാർപ്പിച്ചിട്ടുള്ളത്. ജയിലുകളിലെ ഇടുങ്ങിയ മുറികളിൽ തിങ്ങിപ്പാർക്കേണ്ടിവരുന്നത് തടവുകാർക്ക് പലതരത്തിലുള്ള മാനസിക ശാരീരിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. തടവുകാരുടെ എണ്ണം കൂടുന്നത് അഭികാമ്യമല്ലെങ്കിലും പുരാതനകാലത്തെ ഇരുട്ടുമുറികളായ തടവറകളുടെ സങ്കല്പം കാലത്തിനനുസരിച്ച് മാറ്റേണ്ടതുണ്ട്. ആയതിനാൽ മതിയായ വെളിച്ചം ലഭിക്കുന്ന തരത്തിലുള്ള സ്ഥലസൗകര്യങ്ങളോടുകൂടിയ ജയിൽ കെട്ടിടങ്ങൾ നിർമ്മിക്കണമെന്നും അതിനാവശ്യമായ തുക ബഡ്ജറ്റിൽ അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ജയിൽ കെട്ടിടങ്ങളുടെ രൂപകല്പന ജയിൽ ആർക്കിടെക്ചർ എന്ന നൂതന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2. ജയിൽക്കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിന് ഫണ്ടിന്റെ അപര്യാപ്തതമൂലം സാധിക്കുന്നില്ല എന്ന് സമിതി നിരീക്ഷിക്കുന്നു. ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് സിസ്റ്റം നടപ്പിലാക്കിയിട്ടില്ലാത്തതാണ് ഇതിനുകാരണം. ജയിൽക്കെട്ടിട ങ്ങളുടെ അറ്റകുറ്റപ്പണികൾക്കുള്ള തുക തടസ്സമില്ലാതെ ലഭിക്കുന്നതിന് ബഡ്ജറ്റിൽ ഒരു ഹെഡ് ഓഫ് അക്കൗണ്ട് അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

3. തടവുകാരെ വിവിധ കോടതികളിലേക്ക് കൊണ്ടുപോകുന്നതിന് ദിവസേന 3000 ത്തോളം പോലീസുകാരുടെ സേവനം ആവശ്യമായി വരുന്നതായും ഇതിന് വളരെയധികം തുക ചെലവാകുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രധാനപ്പെട്ട എല്ലാ ജയിലുകളിലും കോടതികളിലും വീഡിയോകോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു. നിലവിൽ വീഡിയോകോൺഫറൻസിംഗ് സംവിധാനം ഉള്ള സ്ഥലങ്ങളിൽ അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. തടവുകാരെ ആശുപത്രികളിലേക്കും മറ്റു സ്ഥലങ്ങളിലേക്കും കൊണ്ടുപോകുന്നതിന് വാഹനങ്ങളുടെ കുറവ് ഉള്ളതിനാൽ കൂടുതൽ വാഹനങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. സംസ്ഥാനത്തെ മിക്ക ജയിലുകളിലെയും പാചകശാലകൾ വളരെ ശോചനീയമായ അവസ്ഥയിലാണെന്ന് സമിതിയുടെ പരിശോധനയിൽ വ്യക്തമാകുകയുണ്ടായി. ശുചിയായ അന്തരീക്ഷത്തിൽ ആഹാരം പാകം ചെയ്യുന്നതിന് അടിസ്ഥാന സൗകര്യം ഒരുക്കേണ്ടത് ആവശ്യമാണ്. ജയിലുകളിലെ അടുക്കളകൾ നവീകരിക്കുകയും കോമൺ ഡൈനിംഗ് ഹാളുകൾ നിർമ്മിക്കുകയും ചെയ്യണമെന്നും ബയോഗ്യാസ് പ്ലാന്റ്, മാലിന്യസംസ്കരണ യൂണിറ്റ് എന്നിവ എല്ലാ ജയിലുകളിലും സ്ഥാപിക്കണമെന്നും സോളാർ സംവിധാനം വ്യാപകമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

5. സംസ്ഥാനത്തെ ജയിലുകളിൽ ഭക്ഷണം തയ്യാറാക്കി വില്പനനടത്തുന്നതുവഴി നല്ല വരുമാനം ലഭിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഭക്ഷണം പാകം ചെയ്യുന്ന യൂണിറ്റുകൾ വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നതായും സമിതി കണ്ടെത്തി. ജയിൽ ഉല്പന്നങ്ങളിൽ നിന്നുള്ള വരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനം ജയിലുകളുടെ സമഗ്രവികസനത്തിനും തടവുകാരുടെ ക്ഷേമത്തിനുമായി വിനിയോഗിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. സംസ്ഥാനത്ത് എല്ലാ ജയിലുകളിലും വിവിധ വിഭാഗം ജീവനക്കാരുടെ ധാരാളം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതായും പല തസ്തികകളുടെയും എണ്ണം അപര്യാപ്തമാണെന്നും സമിതി നിരീക്ഷിക്കുകയുണ്ടായി. ഇത് ജയിലുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാക്കുന്നതായും സമിതി മനസ്സിലാക്കുന്നു. നിയമം അനുശാസിക്കുന്ന അനുപാതത്തിലുള്ള ജയിൽ ജീവനക്കാരുടെയും മിനിസ്റ്റീരിയൽ സ്റ്റാഫിന്റെയും നിയമനം അത്യാവശ്യമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഉദയഭാനു കമ്മീഷൻ റിപ്പോർട്ടുപ്രകാരമുള്ള സ്റ്റാഫ് പാറ്റേണും മിനിസ്റ്റീരിയൽ ജീവനക്കാരെയും പി.എസ്.സി. വഴി നിയമിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണമെന്നും പോലീസ് വകുപ്പിന്റെ മാതൃകയിൽ റേഷ്യോ പ്രൊമോഷൻ, സമാന തസ്തികകൾ, ആനുകൂല്യങ്ങൾ എന്നിവ ജയിൽ വകുപ്പിലും നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

7. ജയിൽ ഉദ്യോഗസ്ഥരുടെ സഹായത്തോടെ ജയിൽചാട്ടുന്നതും ജയിലിൽ നിരോധിത വസ്തുക്കൾ കൊണ്ടുവരുന്നതും ആവർത്തിക്കപ്പെടുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത് തടയുന്നതിനായി മതിയായ സ്കാനറുകളും മെറ്റൽ ഡിറ്റക്ടറുകളും നിരീക്ഷണ ക്യാമറകളും സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ലഹരിമരുന്നുകൾ പോലുള്ളവയുടെ സാന്നിധ്യം കണ്ടെത്തുന്നതിന് ആവശ്യമെങ്കിൽ ഡോഗ് സ്ക്വാഡിന്റെ സേവനം വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

8. ജീവനക്കാരുടെ സഹായത്തോടെ ജയിൽചാട്ടുന്നതും മൊബൈൽ ഫോൺ, മയക്കുമരുന്നുകൾ പോലുള്ള വസ്തുക്കൾ ജയിലിൽ എത്തിക്കുന്നത് തടയുന്നതിനുമായി ജീവനക്കാരെ ഇടയ്ക്കിടെ മാറ്റി നിയമിക്കണമെന്നും സെൻസിറ്റീവ് പോസ്റ്റുകളിൽ താല്ക്കാലിക ജീവനക്കാരെ നിയോഗിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും തടവുകാർക്ക് അനധികൃതമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നവർക്കെതിരെ കർശനമായ ശിക്ഷാ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

9. സുരക്ഷയുടെ ഭാഗമായി ജനലുകളും താഴുകളും ലോക്കറുകളും ശക്തിപ്പെടുത്തുകയും മതിലിനോട് ചേർന്ന കെട്ടിടങ്ങൾ, മരങ്ങൾ എന്നിവ നീക്കം ചെയ്യുകയും പട്രോളിംഗ് ശക്തമാക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. ജയിൽ ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിന് ഒരു റിസർച്ച് ആന്റ് ട്രെയിനിംഗ് വിഭാഗം ആരംഭിക്കുകയും വിദഗ്ധരെ ഉൾപ്പെടുത്തി പരിശീലന പരിപാടികൾ നടത്തുകയും വേണം. ജയിലിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് സമർത്ഥരായ പരിശീലകരെ നിയോഗിക്കണമെന്നും പരിശീലനം ലഭിച്ചവരെ മാത്രം ജയിലിൽ നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ജയിൽ ഉപദേശക സമിതികൾ കൃത്യമായി യോഗം ചേർന്ന് ജയിലിലെ സ്ഥിതിഗതികൾ വിലയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

11. ജയിലുകളിലെ ആശുപത്രികളിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നും മെയിൽ നഴ്സ് , സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവ ഉൾപ്പെടെയുള്ള തസ്തികകളിൽ ആവശ്യമായ നിയമനങ്ങൾ നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

12. മാനസികാസ്വാസ്ഥ്യമുള്ളവരെയും സാംക്രമികരോഗങ്ങൾ ബാധിച്ചവരെയും പ്രത്യേകം സെല്ലുകളിൽ താമസിപ്പിക്കുന്നതിന് പര്യാപ്തമായ രീതിയിൽ കെട്ടിടങ്ങൾ നിർമ്മിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ജയിലുകളിൽ മാനസികരോഗ വിദഗ്ധരുടെ സേവനം ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

13. ജയിലിലെ തടവുകാർക്ക് ദിവസേന മരുന്നു വാങ്ങുന്നതിന് നിലവിൽ 500 രൂപയാണ് ജയിൽ സൂപ്രണ്ടിന് അനുവദിക്കാനാകുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ഈ തുക അപര്യാപ്തമായതിനാൽ ദിവസേന മരുന്നു വാങ്ങുന്നതിന് ആവശ്യമായ തുക തടസ്സം കൂടാതെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. തടവുകാരുടെ കലാസൃഷ്ടികൾ, സാഹിത്യസൃഷ്ടികൾ എന്നിവ മറ്റുള്ളവർക്ക് കാണുന്നതിനും ആസ്വദിക്കുന്നതിനും അവസരമൊരുക്കണം. ശിക്ഷാ കാലാവധി കഴിഞ്ഞ അശരണരായ ആളുകളെ പുനരധിവസിപ്പിക്കുന്നതിന് സാമൂഹ്യനീതി വകുപ്പുമായി കൂടിയാലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. തടവുകാർക്ക് കൗൺസിലിംഗും ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിക്കുകയും വിദഗ്ധരുമായി കൂടിക്കാഴ്ച നടത്തുന്നതിന് അവസരം ഒരുക്കുകയും വേണ്ടതാണ്. തടവുകാരുടെ പഠനപ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണന നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ജയിലുകളിൽ ക്ലാസുകൾ നടത്തുന്നതിനും മറ്റു പഠനപ്രവർത്തനങ്ങൾക്കും പരിശീലന പരിപാടികൾ നടത്തുന്നതിനും ലൈബ്രറികൾക്കും പുതിയ തൊഴിൽ ശാലകൾക്കുമായി മതിയായ കെട്ടിടങ്ങൾ നിർമ്മിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. നിലവിലുള്ള ജയിലുകളിൽ അധികവും (52-ൽ 23) കണ്ണൂർ സെൻട്രൽ ജയിൽ ഉൾപ്പെടുന്ന നോർത്തേൺ സോണിലാണ് ഉൾപ്പെടുന്നത്. പ്രസ്തുത സോണിന്റെ വിസ്തൃതി

34/2015.

വളരെ കൂടുതലും ആസ്ഥാനം കോഴിക്കോടുമായതിനാൽ ചട്ടപ്രകാരമുള്ള മിന്നൽ പരിശോധനകൾ നടത്തുന്നതിന് അസൗകര്യവും ഭരണപരമായ ബുദ്ധിമുട്ടുകളും അനുഭവപ്പെടുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വയനാട്, കാസർഗോഡ്, കണ്ണൂർ ജില്ലകൾക്കായി കണ്ണൂർ ആസ്ഥാനമായി ഒരു സോണൽ ഓഫീസ് ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. ജയിൽവക ഭൂമി അന്യാധീനപ്പെട്ടു പോകാതെ സംരക്ഷിക്കുന്നതിനും ജയിലിലെ ഓഫീസ് രേഖകൾ നശിച്ചുപോകാതെ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

വി. ഡി. സതീശൻ,

*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2014 ഡിസംബർ 18.

## അനുബന്ധം

### ദക്ഷിണ മേഖല

1) സെൻട്രൽ ജയിൽ, തിരുവനന്തപുരം
2) തുറന്ന ജയിൽ, നെട്ടുകാൽത്തേരി
3) സിക്ക, തേവൻകോട്
4) വനിതാ ഓപ്പൺ ജയിൽ, തിരുവനന്തപുരം
5) വനിതാജയിൽ, തിരുവനന്തപുരം
6) ജില്ലാ ജയിൽ, തിരുവനന്തപുരം
7) ജില്ലാ ജയിൽ, കൊല്ലം
8) ജില്ലാ ജയിൽ, പത്തനംതിട്ട
9) ജില്ലാ ജയിൽ, ആലപ്പുഴ
10) സ്പെഷ്യൽ സബ് ജയിൽ, നെയ്യാറ്റിൻകര
11) സ്പെഷ്യൽ സബ് ജയിൽ, തിരുവനന്തപുരം
12) സ്പെഷ്യൽ സബ് ജയിൽ, കൊട്ടാരക്കര
13) സ്പെഷ്യൽ സബ് ജയിൽ, മാവേലിക്കര
14) സബ് ജയിൽ, ആറ്റിങ്ങൽ

### മധ്യ മേഖല

15) സെൻട്രൽ ജയിൽ, വിയ്യൂർ
16) ബോർസ്റ്റൽ സ്കൂൾ, തൃക്കാക്കര
17) വനിതാജയിൽ, വിയ്യൂർ
18) ജില്ലാ ജയിൽ, കോട്ടയം
19) ജില്ലാ ജയിൽ, എറണാകുളം
20) ജില്ലാ ജയിൽ, വിയ്യൂർ
21) സ്പെഷ്യൽ സബ് ജയിൽ, പൊൻകുന്നം
22) സ്പെഷ്യൽ സബ് ജയിൽ, ദേവികുളം
23) സ്പെഷ്യൽ സബ് ജയിൽ, ഇരിങ്ങാലക്കുട
24) സ്പെഷ്യൽ സബ് ജയിൽ, മൂവാറ്റുപുഴ
25) സബ് ജയിൽ, വിയ്യൂർ

26) സബ് ജയിൽ, ആലുവ

27) സബ് ജയിൽ, ചാവക്കാട്

28) സബ് ജയിൽ, എറണാകുളം

29) സബ് ജയിൽ, മട്ടാഞ്ചേരി

30) സബ് ജയിൽ, പാലാ

31) സബ് ജയിൽ, പീരുമേട്

## ഉത്തര മേഖല

32) സെൻട്രൽ ജയിൽ, കണ്ണൂർ

33) തുറന്ന ജയിൽ, ചീമേനി

34) വനിതാ ജയിൽ, കണ്ണൂർ

35) ജില്ലാ ജയിൽ, കോഴിക്കോട്

36) ജില്ലാ ജയിൽ, ഹോസ്ദുർഗ്ഗ്

37) ജില്ലാ ജയിൽ, മാനന്തവാടി

38) സ്പെഷ്യൽ സബ് ജയിൽ, കാസർഗോഡ്

39) സ്പെഷ്യൽ സബ് ജയിൽ, കണ്ണൂർ

40) സ്പെഷ്യൽ സബ് ജയിൽ, തലശ്ശേരി

41) സ്പെഷ്യൽ സബ് ജയിൽ, കോഴിക്കോട്

42) സ്പെഷ്യൽ സബ് ജയിൽ, വൈത്തിരി

43) സ്പെഷ്യൽ സബ് ജയിൽ, മഞ്ചേരി

44) സ്പെഷ്യൽ സബ് ജയിൽ, ചിറ്റൂർ

45) സ്പെഷ്യൽ സബ് ജയിൽ, പാലക്കാട്

46) സബ് ജയിൽ, കണ്ണൂർ

47) സബ് ജയിൽ, വടകര

48) സബ് ജയിൽ, കൊയിലാണ്ടി

49) സബ് ജയിൽ, പെരിന്തൽമണ്ണ

50) സബ് ജയിൽ, പൊന്നാനി

51) സബ് ജയിൽ, തിരൂർ

52) സബ് ജയിൽ, ഒറ്റപ്പാലം

53) സബ് ജയിൽ, ആലത്തൂർ